"ഭരണഭാഷ – മാതൃഭാഷ"

നം. WCD/E8/13959/2021

വനിത ശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം.
തീയതി: 28/04/2022
ഇ-മെയിൽ wcdestablishment2017@gmail.com
ഫോൺ നം: 0471-2346534

## പരിപത്രം

വിഷയം:വനിതാ ശിശുവികസന വകുപ്പ് - ജീവനക്കാര്യം - ഓൺലൈൻ ആയി (SCORE പോർട്ടൽ മുഖേന) സമർപ്പിച്ച വകുപ്പിലെ ജീവനക്കാരുടെ 2021 വർഷത്തെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് - റിപ്പോർട്ടിങ് ഓഫീസർമാരും , റിവ്യൂയിങ് ഓഫീസർമാരും Approve ചെയ്യുന്നതിന് - നിർദേശം നൽകുന്നത് സംബന്ധിച്ച്.

സൂചന:1) സ.ഉ(സാ.ധാ)നം.3113/2021 , പൊ.ഭ.വ തീയതി.18.08.2021.

2)വനിതാ ശിശുവികസന ഡയറക്ടറുടെ 10/12/2021 തീയതിയിലെ ഇതേ നമ്പർ പരിപത്രം.

3)വനിതാ ശിശുവികസന ഡയറക്ടറുടെ 01/04/2022 തീയതിയിലെ ഇതേ നമ്പർ പരിപത്രം.

വിവര സാങ്കേതികവിദ്യ അടിസ്ഥാനമാക്കി ജീവനക്കാരുടെ സേവനകാര്യങ്ങൾ ഡിജിറ്റലൈസ് ചെയ്യുന്നതിന്റെ ഭാഗമായി ജീവനക്കാരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ SCORE എന്ന വെബ് അധിഷ്ഠിത സോഫ്റ്റ് വെയർ മുഖേന സമർപ്പിക്കുന്നതിന് സൂചന (1) പ്രകാരം ഉത്തരവായിട്ടുണ്ട്.അതിന്റെ അടിസ്ഥാനത്തിൽ കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കേണ്ട വകുപ്പിലെ ജീവനക്കാർ SCORE പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്നതിന് സൂചന (2) പ്രകാരം നിർദേശം നൽകുകയും, സൂചന (3) പ്രകാരം റിപ്പോർട്ടിംഗ് ഓഫീസർമാരെയും റിവ്യൂയിങ് ഓഫീസർമാരെയും നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്.

എന്നാൽ SCORE സോഫ്റ്റ് വെയർ മുഖേന ജീവനക്കാർ സമർപ്പിച്ച കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ ഒന്നും തന്നെ ഇതേവരെ റിപ്പോർട്ടിങ് ഓഫീസർമാരോ ,റിവ്യൂയിങ് ഓഫീസർമാരോ Approve ചെയ്തിട്ടില്ല എന്ന് SCORE PORTAL ൽ നിന്നും അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ SCORE പോർട്ടലിൽ ബന്ധപ്പെട്ട ജീവനക്കാർ എല്ലാവരും തന്നെ രജിസ്റ്റർ ചെയ്തുകൊണ്ട് 2021 വർഷത്തെ CR ഓൺലൈൻ ആയി സമർപ്പിക്കേണ്ടതും റിപ്പോർട്ടിങ് ഓഫീസർമാരും റിവ്യൂയിങ് ഓഫീസർമാരും പ്രസ്തുത Confidential Report കൾ സൂക്ഷ്മപരിശോധന നടത്തി അപ്രൂവ് ചെയ്യേണ്ടതുമാണ്. വളരെ അടിയന്തര പ്രാധാന്യമുള്ള വിഷയം ആകയാൽ ബന്ധപ്പെട്ട എല്ലാ ജീവനക്കാരും, കീഴ് കാര്യാലയ മേധാവികളും , റിപ്പോർട്ടിങ് ഓഫീസർമാരും , റീവ്യൂയിങ് ഓഫീസർമാരും ഈ വിഷയത്തിൽ ശ്രദ്ധ പതിപ്പിച്ച് 2 ആഴ്ചക്കകം

2021 ലെ Confidential Report മായി ബന്ധപ്പെട്ട നടപടികൾ എല്ലാം തന്നെ പൂർത്തിയാകേണ്ടതാണെന്ന് അറിയിക്കുന്നു.

ബന്ധപ്പെട്ട എല്ലാ ജീവനക്കാർക്കും.

വിശ്വസ്തതയോടെ

വനിതാ ശിശുവികസന ഡയറക്ടർക്കുവേണ്ടി

**പകർപ്പ്**

1) എല്ലാ കീഴ്ക്കാര്യാലയ മേധാവികൾക്കും
2) അസിസ്റ്റന്റ് ഡയറക്ടർ
3) അഡീഷണൽ ഡയറക്ടറുടെ CA
4) ഡയറക്ടറുടെ CA
5) സ്റ്റോക്ക് ഫയൽ/സ്പെയർ